# ഇ ജ്വാല



Jwaala

e

## ഡിജിററൽ മാഗസിൻ

## പഞ്ചായത്ത് എച്ച്.എസ്.പത്തിയൂർ



ലിററിൽ

കൈററ്സ് സംരഭ

## ആശംസ



***മിനി .ബി***
***ഹെഡ്മിസ്ട്രസ്സ്***

പ്രിയമുള്ള കുട്ടികളെ,

നമ്മുടെ സ്കൂളിലെ ലിററിൽ കൈററ്സിന്റെ ആഭിമുഖ്യത്തിൽ ഉള്ള ഈ മാഗസിൻ ഒരു മികച്ച സൃഷ്ടിയാണെന്ന് അറിഞ്ഞതിൽ അഭിമാനം തോന്നുന്നു.തുടർന്നുള്ള വർഷങ്ങളിലും ഇത് പോലുള്ള മികച്ച സൃഷ്ടികൾ നിർമിക്കാൻ കഴിയട്ടെ എന്ന് ആശംസിക്കുന്നു.

***എന്ന് ഹെഡ്മിസ്ട്രസ്സ്***
***മിനി ബി***

# ആശംസ

ലിറ്റിൽകൈറ്റ്സ് ഐ.ടി.ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ഇ-ജ്വാല എന്ന ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിൽ മികച്ച നിലവാരം പുലർത്തുന്നു.കുട്ടികളുടെഭാവനകൾ ചിറകുവിടർത്താൻ ഇത്തരം സംരംഭങ്ങൾ തീർച്ചയായും ഉപകാരപ്രദമാകും.ഈ മാഗസിൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നല്കിയ അദ്ധ്യാപകരെയും സൃഷ്ടികൾ നല്കി സമ്പുഷ്ടമാക്കിയ കൊച്ചു കൂട്ടുകാരെയും അഭിനന്ദിക്കുന്നു. ഈ നല്ല തുടക്കത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ജി.ഹരികുമാർ
*എസ്.എം.സി.ചെയർമാൻ*

# ആശംസ

ലിറ്റിൽകൈറ്റ്സ് ഐ.ടി.ക്ലബ്ബ് പ്രവർത്തനങ്ങളുടെ ഭാഗമായി തയ്യാറാക്കിയ ഇ-ജ്വാല എന്ന ഡിജിറ്റൽ മാഗസിൻ ഉള്ളടക്കത്തിൽ മികച്ച നിലവാരം പുലർത്തുന്നു.കുട്ടികളുടെ സർഗ്ഗ ശേഷി വികസിപ്പിക്കുന്നതിന് ഇത്തരം സംരംഭങ്ങൾ തീർച്ചയായും ഉപകാരപ്രദമാകും. ഈ മാഗസിൻ തയ്യാറാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നല്കിയ അദ്ധ്യാപകരെയുംസൃഷ്ടികൾ നല്കി സമ്പുഷ്ടമാക്കിയ കൊച്ചു കൂട്ടുകാരെയും അഭിനന്ദിക്കുന്നു. ഈ നല്ലതുടക്കത്തിന് എല്ലാവിധ ആശംസകളും നേരുന്നു.

സ്നേഹപൂർവ്വം

ഡി. കിരൺ

(കൈറ്റ് മാസ്റ്റർ)

ജിഷ മജീദ്

(കൈറ്റ് മിസ്ട്രസ്സ്)

## *വിദ്യാലയചരിത്രം*

1955-ൽ പത്തിയൂർ പഞ്ചായത്തിൻെ നേതൃത്വത്തിൽ ഒരു പ്രൈമറിസ്കൂളായാണ് പഞ്ചായത്ത് ഹൈസ്കൂൾപ്രവർത്തനമാരംഭിച്ചത്. തുടർന്ന് ഘട്ടം ഘട്ടമായി യു.പി സ്കൂളായും ഹൈസ്കൂളായും ഉയർത്തപ്പെട്ടു. സാമ്പത്തികമായും സാമൂഹികമായും പിന്നാക്കാവസ്ഥ നേരിട്ട പത്തിയൂർ ഗ്രാമത്തെ അക്ഷരവെളിച്ചത്തിലേക്ക് കൈപിടിച്ചുയർത്തിയത് ഈ വിദ്യാലയമാണ്. 2015 മുതൽ തുടർച്ചയായി നാലു വർഷം 100% വിജയം നേടുന്ന ജില്ലയിലെ തന്നെ മികച്ച വിദ്യാലയമായി മാറുന്നതിന് ഈ വിദ്യാലയത്തിന്കഴിഞ്ഞിട്ടുണ്ട്.മികച്ച പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി മുന്നേറുതിന് ഇത്തരം സദ്ദ്യമങ്ങൾ പ്രേരകമാകുമെന്ന് നമുക്ക്പ്രത്യാശിക്കാം.

# പനിനീർ പൂവ്

ഒരിടത്ത് കിച്ചു എന്ന ഒരു കുട്ടിയുണ്ടായിരുന്നു.കിച്ചുവിന്റെ വീട്ടിൽ എല്ലാവരും ഉണ്ടായിരുന്നു.ചുരുക്കിപ്പറഞ്ഞാൽ ഒരു കൂട്ടുകുടുംബമായിരുന്നു കിച്ചുവിന്റേത്.കിച്ചു ഒരു ദിവസം സ്കൂളിൽ പോയപ്പോൾ സ്കൂളിന്റെ മുറ്റത്ത് ഒരു പനിനീർപ്പൂവ് വിരിഞ്ഞു നിൽക്കുന്നതു കിച്ചു കണ്ടു.തനിക്കും തന്റെ വീടിന്റെ മുറ്റത്ത് സുന്ദരിയായ ഒരു പനിനീർപ്പൂവ് വിരിയിപ്പിക്കണമെന്ന ആഗ്രഹം കിച്ചുവിന്റെ മനസ്സിൽ തളിരിട്ടു.കിച്ചു സ്കൂളിലെ തോട്ടക്കാരന്റെകൈയ്യിൽ നിന്നും പനിനീർ ചെടിയുടെ ഒരു കമ്പ് വാങ്ങി. കിച്ചു അത് തന്റെ വീടിന്റെ മുറ്റത്ത് നട്ടുവെച്ചു.അതിനെ നന്നായി പരിപാലിച്ചു .ഒരു നാൾ പനിനീർച്ചെടിക്ക് പൂവിരിഞ്ഞു.ഒരു പൂവ് വിരിഞ്ഞപ്പോൾ കിച്ചുവിന്റെ മനസ്സിൽ ആയിരം പൂക്കൾ വിരിഞ്ഞു.വീടിന്റെ മുറ്റത്ത് നിലാവും സൂര്യനും നൃത്തം വെച്ചു.എന്നാൽ പൂക്കൾ കാണാനെത്തിയ ആളുകൾ പൂവിന്റെ ഭംഗി ആസ്വദിക്കാതെ തോട്ടക്കാരൻ തന്ന ചെടിയാണെന്ന് പറഞ്ഞ് കിച്ചുവിനെ പരിഹസിച്ചു.ദു:ഖിതനായ കിച്ചു അവരുടെ വാക്കുകളെ പരിഗണിക്കാതെ തന്റെ പൂവിന്റെ മനോഹാരിതയിൽ അന്ധനായി നിന്നു.

വൈഷ്ണവി.എസ്

9 B.



## മ്യാവൂ മ്യാവൂ

പൂച്ചേ പൂച്ചേ നീയെന്താ

മ്യാവൂ മ്യാവൂ കരയുന്നു

വറുത്ത മീനെ തിന്നാനോ

കാച്ചിയ പാലു കുടിക്കാനോ

ഇത്തിരിനേരം കാത്തീടിൽ

അമ്മയുറങ്ങും കട്ടായം

തക്കത്തിനു നീ നിറച്ചീടാം

പൂച്ചേ പച്ചേ നീയെന്താ

മ്യാവൂ മ്യാവൂ കരയുന്നോ?

അമ്മ വരുമ്പോളോടിക്കോ

കാട്ടിലൊളിച്ചോളൂ

ആദിത്യ എസ് **9 B**

## ജീവചരിത്രക്കുറിപ്പ്

**എഴുത്തച്ഛൻ**



തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻഎന്നാണ് പേരെന്നു കരുതുന്നു. യഥാർഥ നാമധേയത്തേക്കുറിച്ച് വ്യകതമായ അറിവില്ല. 16ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്നു. മലബാറിലെ പഴയ പൊന്നാനി താലൂക്കിൽ തിരൂരിനടുത്ത് തൃക്കണ്ടിരാണ് ജന്മസഥലം . അവിടം ഇന്ന് തുഞ്ചൻ പറമ്പ് എന്നറിയപ്പെടുന്നു. മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ആചാര്യൻ മലയാളത്തിലെ ഭകതി പ്രസഥാനത്തിന്റെ മുഖ്യ പ്രയോക്താവാണ്.

പുരാണകഥകൾകിളിപ്പാട്ടുപ്രസഥാനത്തിന്റെഉപജ്ഞാതാവായികേരളീയ സമൂഹത്തെ ജീർണതകളിൽ നിന്നു മോചിപ്പിക്കുന്നതിനും ആചാര്യന്റെ കൃതികൾതക്കുകഴിഞ്ഞുഎന്നതിസ്തർക്കമാണ്അധ്യാത്മരാമായണം ,ശ്രീമഹാഭാരതംഎന്നീകിളിപ്പാട്ടുകളുംചിന്താരത്നം, ശ്രീമഹാഹരിനാമകീർത്തനം എന്നിവയുമാണ് പ്രധാനകൃതികൾ. ശ്രീമഹാഭാഗവതം എഴുത്തച്ഛന്റെ ക്യതിയാണ്എന്ന് ചിലർ കരുതുന്നു.

ആദിത്യ.എസ്സ്
9B

# പ്രളയം



അതുൽ ബി **6 A**

അന്നൊരു മഴ വന്നേ...
പുഴയതിൻ വഴി തിരഞ്ഞേ...
വഴിയോരോന്നും തടഞ്ഞേ...
മഴയതിൻ മിഴി തുറന്നേ...
മണ്ണെങ്ങോ,മറഞ്ഞേ...
ഓണത്തിൻ ഒരത്തേ മഴയതിൽ നിറഞ്ഞേ
ഉത്രാട പാച്ചിലിൽ പൂവായ് കുറിച്ചേ

## *ജീവചരിത്രക്കുറിപ്പ്*

### കുമാരനാശാൻ

സ്നേഹത്തിന്റെമഹത്ത്വത്തെക്കുറിച്ച്പാടിയകവിആധുനികകവിത്രയത്തിലൊരാൾ .മഹാകാവ്യമെഴുതാതെമഹാകവിയായകവി.തിരുവനന്തപുരം ജില്ലയിലെ കടയ്ക്കാവൂരിനടുത്തുള്ള കായിക്കരഗ്രാമത്തിൽ 1873-ൽ ജനിച്ചു .തൊമ്മൻ വിളാകത്ത് വീട്ടിൽ നാരായണനും കാളിയമ്മയുമാണ് മാതാപിതാക്കൾ.വിദ്യാഭ്യാസത്തിനുശേഷം കുറച്ചുകാലം അധ്യാപകനായി ജോലി നോക്കിയതിനാലാണ് ആശാൻ എന്ന പേര് ലഭിച്ചത്. ശ്രീനാരായണഗുരുവിന്റെ ശിഷ്യനായിത്തീർന്നഇദ്ദേഹം ചിന്നസ്വാമിഎന്നും അറിയപ്പെട്ടു. ബാംഗ്ലൂരിലും കൽക്കത്തയിലും പോയി സാംസ്കൃതത്തിൽപഠനം നടത്തി. ഇക്കാലത്ത്ഇംഗ്ലീഷുകാരുമായും പരിചയപ്പെട്ടു.16-വർഷം ശ്രീനാരായണ ധർമ്മ പരിപാലന യോഗത്തിന്റെസെക്രട്ടറിയായിരുന്നു .തിരുവിതാം കൂറിലെ നിയമസഭയായിരുന്നശ്രീമൂലം പ്രജാസഭയിൽ അംഗമായിരുന്നു.1924 ജനുവരി 16-ന് പല്ലനയാറ്റിൽ ഉണ്ടായ ബോട്ടപകടത്തിൽ മരണമടഞ്ഞ 1907-ൽ ആശാൻ രചിച്ച 'വീണപൂവ് 'മലയാള കവിതയിൽ അന്നു വരെയില്ലാതിരുന്ന പലപുതുമകളുംകൊണ്ടുവന്നു.ഖണ്ഡകാവ്യം ഒരുപ്രസ്ഥാനമായിവളർന്നത്അതോടുകൂടിയാണ.നളിനി,ലീല,ചിന്താവിഷ്ടയായസീത,കരുണ,ചണ്ഡാലഭിക്ഷുകി,ദുരവസ്ഥ,പ്രരോധനംഎന്നിവയാണ് മറ്റു കാവ്യങ്ങൾ .സ്നേഹത്തിന്റെ മഹത്ത്വത്തെ ഉയർത്തികാട്ടുന്ന ഈ കൃതികളാണ് ആശാനെ 'സ്നേഹഗായകൻ' എന്ന പേരിന് അർഹനാക്കിയത്.കേരള-ത്തിലെ സാമൂഹിക മാറ്റത്തിന് ആശാൻ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്.

വൈഷ്ണവി.എസ്

9B



9.b

## കുഞ്ഞിക്കുയിൽ

കുയിലേ കുയിലേ കുഞ്ഞിക്കുയിലേ
നിന്നുടെ പാട്ടുകൾ കേൾപ്പാനായ്
കൊതിയോടെന്നും കാത്തിരിപ്പൂ
കാതുകളോർത്ത് കാത്തിരിപ്പൂ
തൊടിയിലെ അത്തിമരക്കൊമ്പിൽ
നിന്നെ തിരയും നേരത്ത്
തേനൂറും നാദം കേൾപ്പൂ ഞാൻ
മധുരിത ഗാനം കേൾപ്പൂ ഞാൻ

*ശ്രേയ ജെ.കെ*

*9A*



## പാറുക പാറുക ത്രികൊടിയെ

പാറുക പാറുക ത്രിക്കൊടിയെ!
പാവന സ്വാതന്ത്ര്യക്കൊടിയെ!
പാറുക പാറുക ത്രിക്കൊടിയെ!
പാറുക നാടിന്നഭിമാനം
പാറുക പാറുക ത്രിക്കൊടിയെ!
പരിരക്ഷിക്കും പൊൽക്കൊടിയെ
പാറുക പാറുക ത്രിക്കൊടിയെ!
പാറുക സമത്വ സ്വദേശം
പാറുക പാറുകത്രിക്കൊടിയെ
ജയഭാരതമേ ജൻമധരേ...

നികിത
6A

# *എന്റെ മയിൽപ്പീലി*

ഇന്നെന്റെ പുസ്തക താളിൽ മയങ്ങുന്ന
പൊൻപീലിയെൻ മയിൽപ്പിലി.....പൊൻപീലിയെൻ മയിൽപീലി

ആ പീലിയിന്നെൻ പുസ്തകതാളിൽ കണ്ണനീർ മഷിയാൽ
വരച്ചു....കണ്ണനീർ മഷിയാൽ വരച്ചു.

ആ താളിലിന്നുഞാൻ എൻകൈവിരലാൽ
കവിതകളെഴുതിയിരുന്നു....കവിതകളെഴുതിയിരുന്നു

കാറ്റിന്റെ ദിശയിലും എന്റെ....മനസ്സിലും
കവിതകൾ പാറി നടന്നു...എൻ കവിതകൾ പാറി നടന്നു

*ധനുഷ*

*8A*



# AMAZING CHEMISTRY FACTS



FIDHA FATHIMA

9A

- Lightening strikes produce ozone,hence the characteristic smell after lightening storms
- The only two non-silvery metals are gold and copper
- Water expands when freezes,unlike other substance
- Glass is actually a liquid ,it just flows very ,very slowly.
- Every hydrogen atom in our body is likely to be 13.5 billion years old ,since they were created at the birth of the universe
- super fluid helium defies gravity and climbs on walls.

- If we pour a handful of salt into a glass of water ,the water level will go down.
- Diamond and graphite are both entirely made of carbon and nothing else.
- The rarest naturally occurring element in the earth's crust is astatine .
- DNA is a flame retardant .
- One inch of rain is equal to 10 inches of snow.
- A rubber tire is technically one single ,giant polymerized molecule .
- Car's air bags are packed with salt sodium acide , which is very *toxic.*

# THE LION AND MOUSE

Just then the little mouse happened to pass by ,seeing the sad plight in which the Lion was ,ran up to him soon gnawed away the ropes that bound the king of the beasts .''Was I not right ?''said the little mouse , very happy to help the Lion.

Moral :- Little friends may prove great friends.

Sreya pramod.kumar
*6.A*



## Importance of farming

*''Farmers are the founders of Civilization and Prosperity.''All our prosperity depends on farming we learn the basic lessons of diginity labour from agriculture. By Being a farmer on learn many valuable lessons of social life,Hardworking ,Co-operation etc...........*

*Love of nature leed us to the protection of environment remember. The farmer are the back bone of country*

***Let us try to Good farmer***

***SANDRA A***

***9A***



# WORLD



Varsha Rajesh 9B

*The world is beautiful*

*The sky is beautiful*

*Our country is beautiful*

*Our world has many kinds of country*

*Our country has many kinds of states*

*Our world has many types of food*

*And our places is very beautiful*

*Our world has many types of spices*

*We love our world*

## SUNITHA WILLIAMS

*Sunita Williams is an American Astronaut and united states navy officer. She formerly held the record for total space works by a woman and most space works time for a woman.50 hours 40 minutes. Sunitha Willams paternal is form Gujarat. She awarded the Sardhal Wallahlhai Pattel wishwa Gujarathi society. The first person of decent who was not an Indian citizen to be presented the award . She one Padma Bhushan award from Government of India. She spend time in space was 321 day 17 hours and 15 minutes.*

*Aleen Ajith*

## സ്നേഹം

നീന്നെ ഞാൻ ഏറെ സനേഹിച്ചു പോയി
നീന്നെ ഞാൻ ഏറെ മോഹിച്ചു പോയി
നീ എന്റെ തല്ലേ ഞാൽ നീന്റെ തല്ലേ...
മ.......................

നീന്നെപിരിയില്ല ഞാൻ..........
നീന്നെ മറക്കില്ല ഞാൻ...........
മ.....................

നാളെ മരിച്ചാലും നീ എന്റെതല്ലേ........
ഈ പ്രവഞ്ചം നീന്നെ പാഴത്തും.........
ഞാനും നീന്നെ പാഴത്തും..............
നീ എന്റെതാക്കുമോ..............
മ......................

നീന്നെ ഞാൻ ഏറെ സനേഹിച്ചു പോയി
നീന്നെ ഞാൻ ഏറെ മോഹിച്ചു പോയി...........

8A അമ്മു



## പഴഞ്ചൊല്ലുകൾ

1. വിട്ടിനലങ്കാരം വൃത്തി
2. ഐക്യമത്യം മഹാബലം
3. മിന്നുന്നതെല്ലാം പൊന്നല്ല
4. കാണംവിറ്റും ഓണം ഉണ്ണണം
5. ഇറക്കമുണ്ടങ്കിൽ ഏറ്റവുമുണ്ട്
6. ഓളം നിന്നിട്ട് കടലിൽ ഉറങ്ങാമോ
7. ഒരുകോഴി കൂകിയാൽ നേരം പുലരില്ല
8. ഇടിവെട്ടിയവനെ പാമ്പു കടിച്ചു
9. അങ്ങാടിയിൽ തോറ്റതിന് അമ്മയോട്
10. അണ്ണാൻ മൂത്താലും മരംകേറ്റം മറക്കുമോ ?
11. ഉയരത്തിൽ നിൽക്കുന്നത് ഊക്കിൽ വീഴും
12. അച്ഛൻ ആനപ്പുറത്ത് കേറിയാൽ മകന് തഴമ്പുണ്ടാകുമോ
13. നിത്യാഭ്യാസി ആനയെ എടുക്കും
14. നാടു മറന്നാലും മൂടു മറക്കരുത്
15. ഉണ്ടവനറിയില്ല ഉണ്ണാത്തവന്റെ വിശപ്പ്

# അമ്മ

ഒരു നറുതേൻ പോലെ എൻ ഹൃദയത്തിൽ

മധുരമായ് കിനിഞ്ഞിറങ്ങിയതാം അമ്മ

ഒരു കുഞ്ഞുപൈതലിൻ നൈർമല്യാവും

സപ്തസാഗരത്തിൻ ആഴവുമായ്

പാരിലാകവെ പുരിലസിക്കുന്നിതാ

പാവനപൂരിതമാം ആദ്യാക്ഷരം

സഹനവും ത്യാഗവും സ്നേഹവുമായ്

എൻ ചിത്താരിലെ പുജാമുറിയിലെ

ഒളിവിയടരുന്നൊരു ഇശ്വരചൈതന്യമേ........

വാൽസല്യം പാലാഴിയാണമ്മ

അറിവിന്റെ നിറകുടമാണമ്മ

പ്രത്യക്ഷ ഈശ്വര സാന്നിധ്യമേ

ദേവകൾ തോൽക്കുന്ന പുണ്യമേ നി....

നമിക്കുന്നു സ്മരിക്കുന്നു

*ഞങ്ങൾ നിത്യം*

# ബുദ്ധിമാനായ കുതിര

*ഒരിക്കൽ ഒരു കുതിര താഴ്വരയിൽ പുല്ല് മേയുകയായിരുന്നു. ഒരു ചെന്നായ തന്നെ നോക്കി നിൽക്കുന്നത് അവൻ അറിഞ്ഞില്ല.അറിയുമ്പോഴേക്കും സമയം വൈകിയിരുന്നു. ബുദ്ധിമാനായ കുതിര ഒരു സൂത്രം ചിന്തിച്ചു.*
*അവൻ മുടന്തികൊണ്ട് നടക്കാൻ തുടങ്ങി. ചെന്നായ കരുതി ഇതു തന്നെ അവസരം. അവൻ കുതിരയുടെ അടുത്ത് ചെന്ന് ചോദിച്ചു ഹേയ് സുഹൃത്തെ എന്ത് പറ്റി? നിയെന്താണ് ഇങ്ങനെ മുടന്തുന്നത്? കുതിര പറഞ്ഞു, എന്റെ കുളമ്പിനടിയിൽ ഒരു ആണി തറച്ചു. ഒന്നെടുത്ത് തരാമോ? ചെന്നായ പറഞ്ഞു, തീർച്ചയായും എനിക്കതിൽ സന്തോഷമേുള്ളൂ. ചെന്നായ കുതിരയുടെ പിന്നിലേക്ക് ചെന്ന് കാലിൽ പിടിച്ചു പക്ഷെ കഷ്ടം കാലിൽ പിടിക്കുന്നതിന് മുമ്പേ ചെന്നായ അന്തരീക്ഷത്തിൽ പറക്കുന്നത് കണ്ടത്. കുതിര ശക്തമായ ഒരു തൊഴി കൊടുത്തു ചെന്നായക്ക്.*

*ഒരല്പം ചിന്ത എപ്പോഴും നല്ലതാണ്*

*വർഷ രാജേഷ്*
*9A*

# മഴവില്ല്

പ്രകൃതിയുടെ ഒരു ദൃശ്യമാധുരിയാണ് മഴവില്ല്
പ്രകൃതിയിൽ ഏറ്റവും ആസ്വാദ്യകരമായ ഒന്നാണിത്
മനുഷ്യനിൽ സൗന്ദര്യമുണർത്തുന്നതും
കണ്ണിൽ കുളിർമ്മയണിപ്പിക്കുന്ന കാഴ്ചയുമാണ്.
പ്രകൃതിയിൽ നശിക്കാത്തതും
പ്രകൃതിയിൽ സൗന്ദര്യപൂരിതമാക്കുന്നതും മഴവില്ലാണ്
അവയിൽ നിന്ന് പ്രതിഫലിച്ചുണ്ടാകുന്ന നിറവും
പ്രകൃതിയുടെ മറ്റൊരു മനോഹരിതയാണ്
ആരിലും കാണാൻ കഴിയാത്ത ഒരു സൗന്ദര്യം
മഴവില്ല് എന്ന നാല് അക്ഷരത്തിലുണ്ട്
അവയുടെ ഏഴ് നിറത്തിലും കാണാൻ
കഴിയുന്ന സൗന്ദര്യം പ്രകൃതിയിലുണ്ട്
മനുഷ്യനിൽ നിന്ന് വിപരീതമായതും
പ്രകൃതിയിൽ സദാ കാണുന്നതുമായ കാഴ്ചയാണിത്
മഴവില്ല് എന്ന നാലക്ഷരത്തിൽ
പ്രകൃതിയെ മനോഹരിതമാക്കുന്ന എന്തോ ഒന്ന്
അതിൽ ഒളിഞ്ഞിരിപ്പുണ്ട്
ഇന്നും ആ നാലുവാക്കുകളിൽ
ഒളിഞ്ഞിരിക്കുന്ന സത്യം
ചുരുളഴിക്കാൻ ആർക്ക് സാധിക്കും?

മാനസി.പി
10B



# പ്രകൃതിയിലെ ഗണിതം

പ്രകൃതിയിലെ ചില ഗണിതങ്ങൾ നമുക്ക് നോക്കാം

ജീവന്റെ ഗണിതമായി കണക്കാക്കുന്ന ഫിബോണാച്ചി ശ്രേണികൾ പൂവിന്റെ ഇതളുകളിൽ കാണാം.



0,1,1,2,3,5,8,13,21,34.........എന്നതാണ് ഈ ശ്രേണി.

ചിലന്തി വല വൃത്താകൃതിയിലുള്ള പല പല ഭാഗങ്ങൾ ചേരുമ്പോഴാണ് ഇത് പൂർണ്ണമാകുന്നത്.



കുളത്തിലെ വെള്ളത്തിൽ കല്ലെറിയുമ്പോഴുണ്ടാകുന്നതും ഏകകേന്ദ്രവൃത്തങ്ങളാണ്.



സദൃശം എന്ന ആശയം ഇലകളിലൂടെ മനസ്സിലാക്കാം.



ഗണിതം എത്ര രസകരമാണ് അല്ലേ കൂട്ടുകാരെ.........

ഗണിത ശാസ്ത്ര ക്ലബ്ബ്

# ദരിദ്രജീവിതം

ഒരു മനോഹരമായ ചെറിയ ഗ്രാമം. അവിടെ ധാരാളം ആളുകൾ ജീവിച്ചിരുന്നു. അവരെല്ലാവരും അവിടെ സന്തോഷത്തോടെയാണ് ജീവിച്ചിരുന്നത്. എല്ലാവർക്കും അവരുടേതായ ജോലികൾ ഉണ്ടായിരുന്നു. പക്ഷേ അവിടെ ഒരു കുഴപ്പമുണ്ട്. അവിടെ ഒരു വീട്ടിൽ ഒരു അപ്പൂപ്പനും അമ്മൂമ്മയും ഒരു കുട്ടിയും താമസിച്ചിരുന്നു. അവരുടെ ജീവിതം വളരെ കഷ്ടപ്പാടായിരുന്നു. അവിടുള്ള എല്ലാവർക്കും ഇവരോട് പരിഹാസമായിരുന്നു. അവർക്ക് യാതൊരു സുഖവും സന്തോഷവും ഇല്ലായിരുന്നു. അവരുടെ കൊച്ചു മകനിലൂടെ എന്തെങ്കിലും സന്തോഷം ലഭിയ്ക്കുമെന്ന് അവർ വിചാരിച്ചു. അവന് 12 വയസ്സ് ഉണ്ടായിരുന്നു. അവൻ ഇതെല്ലാം അറിയുന്നുണ്ടായിരുന്നു അവനെ വളർത്താനായി അവർ കഷ്ടപ്പെടുന്നത്. ആ അപ്പൂപ്പൻ പലരുടെയും വീട്ടിൽ ജോലിക്ക് പോയി അവനെ പഠിപ്പിച്ചു. അവൻ നല്ലതായി പഠിക്കുമായിരുന്നു. ടീച്ചർമാർക്കെല്ലാം അവനെക്കുറിച്ച് നല്ല അഭിപ്രായമായിരുന്നു. പിന്നെ ഒരു നാൾ അവന്റെ അപ്പൂപ്പൻ മരിച്ചു പോയി. പിന്നീട് അവൻ ആകെ തളർന്നു പോയി. അവൻ പിന്നീട് സ്കൂളിൽ പോകാറില്ല. അവൻ പോയാലും ആകെ വിഷമമായിരുന്നു. അവന്റെ അപ്പൂപ്പന്റെ കഷ്ടപ്പാടുൾ അവൻ ഓർക്കും. പിന്നീട് അവൻ കൊച്ചു കൊച്ചു ജോലിക്കു പോയി. റേഷൻ കടയിലെ അരിയും സാധനങ്ങളും കൊണ്ട് ജീവിതം മുന്നോട്ടു പോയി. അമ്മൂമ്മ വീട്ടുജോലിക്ക് പോയും ലോണുകളെടുത്തും അവനെ വലിയനിലയിലാക്കി. അവൻ വലിയ നിലയിലായപ്പോൾ അമ്മൂമ്മയെ നോക്കാതെ അനാതാലയത്തിൽ കൊണ്ടു വിട്ടു.

അഭിരാം. എസ്
7A



## Some Amazing Light Facts

*The sun is actually white when seen from space, because its light is not scattered by our atmosphere. From Venus, you wouldn't seen the Sun at all because the atmosphere is too thick.*

*Humans are bioluminescence from metabolic reactions,but our glow is 1000 times weaker than the naked eye can register.*

*Sunlight can reach a depth of 80m in the ocean Roughly 2000m deeper lives the bioluminescent angler fish, which has a lure of glowing flesh to attract prey.*

*Plants are green because they reflect green light and absorb the other colours for photosynthesis. If you put a plant under green light, it'll probably die.*

*The world's longest-lasting light bulb, the centennial Light in California, has reportedly been burning since 1901, with a few interruptions during power failures.*

*In a double rainbow, light is reflected twice inside each water droplet, and the colours in the outer arc appear in reverse order.*

*Some animals can see light that we can't. Bees can see*

*ultraviolet light, while pit vipers can see infrared.*

*Niagra falls was first electrically lit in 1879, using lights with illumination equivalent to 32000 candles. Today, the lights at the falls are equivalent to 250 million candles.*

*When light passes through different substances, it slows down and bends (refraction). This is how a lens can focus beams onto a single point and fry an ant.*

*Frog's eyes are so sensitive to light that researchers in Singapore have used them to develop extremely precise photo on detectors.*

*If the sun were suddenly snuffed, nobody on earth would notice until eight minutes and 17 seconds later – the time it taken for sunlight to reach us.*

*Rainbows are made when light enters water droplets in the air, is reflected inside the droplet and is reflected again when leaving it.*

*Saraswathy Devi. D*

*B.Ed trainee.*

# ശുഭാപ്തി

ഒരു ദിവസം, ജ്യേഷ്ഠൻ വീട്ടുമുറ്റത്ത് ഒരു മരത്തെ കൊണ്ടു നട്ടു... റമ്പൂട്ടാൻ ആണെന്നു പറഞ്ഞാണ് തൈ വെച്ചത്. അല്പം വളർച്ചയായപ്പോൾ അമ്മ പറഞ്ഞു ;ഇത് റമ്പൂട്ടാനല്ല, ഇല കണ്ടിട്ട് സബർ ജില്ലി ആണെന്ന തോന്നുന്നു. എന്നാൽ ഞാൻ മരത്തെ ആകെ അടിമുടി നോക്കി. ഒരിലയെടുത്ത് ചവച്ചു നോക്കി. വല്ലാത്തൊരു ചവർപ്പ്..! ഇതൊരു പാഴ്മരമാണ്, ഇതിൽ കായ്കൾ ഒന്നു ഉണ്ടകാൻ പോകുന്നില്ല, അതിനാൽ വെട്ടിക്കളഞ്ഞേക്കാം

എന്തായാലും ചാച്ചാന്റെ അഭിപ്രായം എന്തുമരമായാലും അവിടെ നിൽക്കട്ടെ എന്നായിരുന്നു. ഏതായാലും അത്രയൊക്കെ പറഞ്ഞതല്ലേ മരത്തിന് വല്ല മാറ്റവും ഉണ്ടോ എന്നു ഞാൻ അടുത്ത ദിവസവും ചെന്നു നോക്കി. അതിന് ഒരു വാട്ടവുമില്ല. മാത്രമല്ല, പുതിയ ചില്ലകൾ കൂടി പുറത്തേക്കു വന്നതല്ലാതെ മരത്തിന് ഒരു കുലുക്കവുമില്ല.

അങ്ങനെ ചിലനാളുകൾ പിന്നിട്ടു. മരത്തിന് അല്പം വലുപ്പം വെച്ചതോടെ രാത്രിയിൽ പക്ഷികൾ ചേക്കേറാൻ തുടങ്ങി. പകൽ നല്ല വെയിലുള്ളപ്പോൾ ഞാൻ അതിന്റെ ചുവട്ടിൽ കട്ടിൽ കൊണ്ടുവന്നിട്ട് ഇളം കാറ്റേറ്റ് ഉറങ്ങുന്നതും പതിവായി.

ചില വർഷങ്ങൾ കടന്നുപോയി .. ഒരു ദിവസം അമ്മ വിളിച്ചു പറഞ്ഞു, ദേ നമ്മുടെ മരം കായിച്ചു എന്തോ കായ്കൾ അതിന്റെ ചില്ലകളിൽ

ങ്ങി നിൽക്കുന്നു. എന്നിട്ടും അതെന്താണെന്ന് തിരിച്ചറിയാൻ കഴിഞ്ഞില്ല. കാത്തിരിപ്പിനൊടുവിൽ കായ്കൾ പഴുത്തു. പറിച്ചെടുത്തു കഴിച്ചു നോക്കി. രുചികരമായ 'പനിനീർ ചാമ്പക്ക'.

ആരും കാണാതെ ഞാൻ അടുത്ത ദിവസം മരത്തോട് ചോദിച്ചു.അത്രയൊക്കെ പറഞ്ഞിട്ടും നീ വീണുപോകാതിരുന്നതെന്തുകൊണ്ടാണ്? അതിന്റെ മറുപടി എന്നെ അത്ഭുതപ്പെടുത്തി. ഞാൻ ആരാണെന്ന് എനിക്കറിയാമായിരുന്നു. നിങ്ങളുടെ വാക്കുകൾ എന്റെ വളർച്ചയ്ക്ക് തടസ്സമായതേയില്ല. എന്നാൽ നിങ്ങൾ അറിയാതെ എന്റെ ഇലകൾ സൂര്യപ്രകാശം സ്വീകരിച്ചു. നിങ്ങൾ എന്നെ വിമർശിച്ചപ്പോഴും വെട്ടികളയാൻ പറഞ്ഞപ്പോഴും ഞാൻ തണൽ തന്നതോർമയില്ലേ?ചില പക്ഷികൾക്കെങ്കിലും അഭയം നൽകാൻ കഴിഞ്ഞതിൽ ഞാൻ സന്തോഷിക്കുന്നു. ഞാൻ ആരാണെന്ന് തെളിയിക്കാൻ അന്നെനിയ്ക്ക് കഴിയില്ലായിരുന്നു.
ഒടുവിൽ എന്റെ ഫലം വരുന്നത് വരെ ഞാൻ കാത്തിരുന്നു.

ശ്രേയ പ്രമോദ്

6A

# സൗമ്യം ദീപ്തം



നിമിഷ
ബിജു
10A

പുതിയ എച്ച്. എമ് വരുന്ന എന്ന് നേരത്തേ തന്നേ അറിഞ്ഞിരുന്നു. അതിന്റെ ഭയത്തോടെ തന്നെയായിരുന്നു ഈ അദ്ധ്യായന വർഷം ആരംഭിച്ചത്. ആരായിരിക്കും എവിടെ നിന്നായിരിക്കും ഒന്നും അറിയില്ല. പ്രതീക്ഷിച്ചതുപോലെ തന്നെ വരാന്തയിൽ മറ്റുള്ളവരുമായി സംരിച്ചു കൊ ണ്ട് എച്ച്. എമ് നിൽക്കുന്നു. ഒറ്റക്കാഴച്ചയിൽന്നെ ഭയം ഉള്ളിൽ കടുന്നു ഒത്ത ശരീരം, ഗാംഭീര്യം നിറഞ്ഞ മുഖം ,ഗൗരവത്തോടെ എന്തൊക്കെയോ സംസാരിക്കുകയും സദാചുറ്റുപാടും നിരിക്ഷിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. സ്കൂളിൽ പ്രാർത്ഥനാഗീതം ചൊല്ലുന്ന ഒരാളായിരുന്നു ഞാൻ. എച്ച്. എമ്മിന്റെ മുറിയിൽ കടക്കുന്ന ആ നിമിഷം എന്നിൽ ഭീതി പരത്തി. പക്ഷേ മറ്റുള്ളവരുടെ കൂടെ ഞാനും റൂമിന്റെ മുന്നിലെത്തി. ഗുഡ് മോർണിങ്ങ് പറഞ്ഞു. സർ തിരിച്ചും. ഞങ്ങളിൽ ഒരാൾ പേര് ചോദിച്ചു, "വിനോദ് കുമാർ" സർ പറഞ്ഞു. പിന്നീട് സർ ഞങ്ങൾ എന്തിനാണ് വന്നതെന്ന് ചോദിച്ചു. പ്രയർ ചൊല്ലാൻ ആണ് എന്ന് ഞാൻ പറഞ്ഞു. എന്റെ പ്രതീക്ഷകളെ തകർത്തെറിഞ്ഞുകൊണ്ടായിരുന്നു സാറിന്റെ സംസാരം. ഞങ്ങളുടെ പ്രാർത്ഥനയെ പറ്റി സർ വളരെ നല്ല അഭിപ്രായം പറഞ്ഞു. സാറിന്റെ ഈ അഭിപ്രായത്തിന് വാത്സല്യത്തിന്റെ അനുഭൂതിയായിരുന്നു പകർന്നു തന്നത്. ഈ അനുഭവം ഞങ്ങളിൽ സാറുമായുള്ള ഒരു തീവ്ര ബന്ധത്തിന്റെ  ആരംഭമായിരുന്നു. പിന്നീട് സാറിന്റെ അഭിനന്ദനം കേൾക്കാനായി ഞങ്ങൾ പ്രാർത്ഥന മനോഹരമാക്കുവാൻ ആരംഭിച്ചു. അതിനനുസരിച്ച് ഞങ്ങൾക്ക് പ്രോത്സാഹനം നൽകുവാൻ സാറും മറന്നിട്ടില്ല. സാറിന്റെ ഓർമ്മകൾ തങ്ങി നിൽക്കുന്നു. മറ്റൊരു സന്ദർഭം കേരളക്കരയെ ഒന്നാകെ തച്ചുടച്ചുകണ്ട് പൊന്തിയ "പ്രളയം" ആണ്. ജനവരി 26,2018 സ്കൂൾ ഒന്നടക്കം സ്വാതന്ത്ര്യദിനാഘോഷത്തിലാണ് പതാക ഉയർത്തൽ  ചടങ്ങോടെ ആഘോഷങ്ങൾ ആരംഭിച്ചു. എന്നാൽ ഞങ്ങളുടെ ആഘോഷങ്ങൾ നേരിയ തോതിൽ തടസപ്പെടുത്തിക്കൊണ്ട് ശക്തമായ മഴ തുടർന്നു. അന്ന് അത് നിസാരമായി കരുതിയെങ്കിലും പിന്നീട് നാടിനെ

നടുക്കിയ പ്രളയമായി അത് മാറി. സ്കൂളിൽ ക്ലാസ് മുടങ്ങി, ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. എന്റെ സഹപാഠികൾ അടക്കം ഏറെ ആളുകൾ

ക്യാമ്പിൽ അംഗങ്ങൾ ആയി. സ്കൂളിന്റെ സമീപത്തായിരുന്നു എന്റെ വീട്. അതിനാൽ ക്യാമ്പിലെ അവസ്ഥ എന്തെന്നറിയാൻ ഞാൻ സ്കൂളിൽ ചെന്നു. വീടും വീട്ടുസാധാനങ്ങളും നഷ്ടപ്പെട്ട അനേകം കുടുംബങ്ങൾ അവരുടെ സങ്കടങ്ങളും പരവേശങ്ങളും കേട്ട് അവർക്ക് സാന്ത്വനമേകി അവരുടെ ഇടയിൽ ഞാൻ വിനോദ് സാറിനെ കണ്ടു. യാതൊരു മടിയും ഇല്ലാതെ രാപ്പകലോളം അവരുടെ പ്രശ്നങ്ങൾ സമീപിക്കുന്ന ഒരു മാതൃകാ ഗുരുനാഥനെയാണ് അന്ന് ഞാൻ അവിടെ കണ്ടത്. തികച്ചും മാതൃകയാകേണ്ട ഒരു മനുഷ്യൻ. സാറിന്റെ ആ പ്രവർത്തി കണ്ടപ്പോൾ എനിക്കും അതുപോലെ ആകാനാണ് തോന്നിയത്..
അഭയാർത്തികളെ കാണാനായും അവരുടെ കഥകളും ദുഖങ്ങളും കേൾക്കനായും ഞാനും ഏറെ സമയം ചിലവഴിച്ചു. പിന്നീടും കുറേ ദിനങ്ങൾ അവരെ കാണുവനായി ഞാൻ വന്നുകൊണ്ടിരുന്നു. എന്നെ സ്വാദീനിച്ചതെന്ന് തീർത്തും എനിക്ക് പറയാൻ സാധിക്കുന്ന ഒരു വ്യക്തിയാണ് എന്റെ മനസ്സിൽ വിനോദ് സർ. വളരെ ദുഖത്തോടെയായിരുന്നു സ്കൂളിൽ നിന്നുള്ള സാറിന്റെ മടക്കയാത്ര ഞാൻ അടക്കം ഓരോരുത്തരും ഏറ്റുവാങ്ങിയത്. ഇന്നും പ്രാർത്ഥനയ്ക്ക് എച്ച്. എം ന്റെ മുറിയിൽ കയറുമ്പോഴേക്കും ആ ശൂന്യത ഞങ്ങൾ അനുഭവിക്കുന്നു.

# പറന്നുനടക്കുന്നപക്ഷികൾ

*ഞാൻ രാവിലെ ഇറങ്ങി നോക്കിയപ്പോൾ*
*മരച്ചില്ലകളിൽ കുഞ്ഞുകിളികൾ*
*അമ്മയെ കാത്തുനിൽക്കുന്നു*
*അമ്മ തീറ്റയുമായി വരുന്നു*
*കുഞ്ഞുങ്ങൾക്കായി*
*കുഞ്ഞുകിളികൾ സന്തോഷത്തോടെ*
*തുള്ളിച്ചാടുന്നു*
അമ്മ അതുകണ്ട് സന്തോഷ-
ത്തോടെ ചിരിക്കുന്നു

ദേവനാരായണൻ
5A



# MATHS TRICKS

*Trick : Any number think 2's trick.*

*Step 1 : Think of any number from 1to 10.*

*Step 2 : Multiple it by 3.*

*Step 3 : Add 6 with the getting result.*

*Step 4 : Divide it by 3.*

*Step 5 : Subtract it from the first number used.*

*ANSWER : 2*

*SreyaPramodKumar*

*6A*

## ഇവിടെ ഒരു പുഴയുണ്ടായിരുന്നു

*പുഴ മരിച്ചു,*

*ഓട്ടോറിക്ഷയിൽ വിളിച്ചു പറയുന്നത്, ദൂരെ മറ്റൊരു പുഴ കേട്ട് വിതുമ്പി.ചരമകോളത്തിൽ പഴയ പാസ്പോർട്ട് സൈസ് ഫോട്ടോ കണ്ട മരങ്ങൾ തമ്മിൽ മന്ത്രിച്ചു, "കൊന്നതാണ്....*

*പീഡിപ്പിച്ചു കൊന്നതാണവളെ...."അവളുടെ നിലവിളി ഈ നാട് മുഴുവൻ കേട്ടതാണ്.*

*മുൻകൂർ ജാമ്യം വാങ്ങിയ മണൽമാഫിയ പുഴയ്ക്കൊരുറീത്ത് വച്ച് ചിരിച്ചു. ആരോ ഒരു ബോർഡും എഴുതി വച്ചു,"ഇവിടെ ഒരു പുഴയുണ്ടായിരുന്നു".*

*-ലക്ഷ്മി.കെ.ജി.*

*[ബി.എഡ്.ട്രെയ്നി]*

# SCIENCE QUIZ

*1.Which form of science dealing with the study of structural and cultural of human being?*

*Ans : Anthropology.*

*2.What are the two functional groups in an ecosystem?*

*Ans : Antotrophs and Hetrotrophs.*

*3.study of life in outer space?*

*Ans : Exobiology.*

*4.Magnification of an electron microscope?*

*Ans : 100000.*

*5.Which is the mono plant which shows gregarious flowering once in 48 years?*

*Ans : Bamboo.*

*6.Plant growth in liquid culture medium?*

*Ans : Hydroponics.*

*7.Technique of separation of disrupted cell components?*

*Ans : Fractionation.*

*8. Author of man's place in nature?*

*Ans :*

*9.Study of tissues?*

*Ans : Histology.*

*10.Free living soil bacteria nitrogen?*

*Ans : Azatobacter.*

*Shabana B.Ed.trainee.*

1. ചന്ദ്രനിൽ ആകാശത്തിന്റെ നിറം എന്ത്?
   കറുപ്പ്
2. പ്രഭാത നക്ഷത്രം എന്നറിയപ്പെടുന്ന ഗ്രഹം ഏത്?
   ശുക്രൻ
3. ഭൂമിയോട് ഏറ്റവും അടുത്തുള്ള നക്ഷത്രം ഏതാണ്?
   സൂര്യൻ
4. കൂടംകുളം പദ്ധതിയുമായി സഹകരിക്കുന്ന രാജ്യം ഏത്?
   റഷ്യ
5. വ്യാഴത്തിൽ ഇടിച്ച ഒരു വാൽനക്ഷത്രം ഏത്?
   ഷൂമക്കാര ലെവി-
6. ആദ്യ ഇന്ത്യൻ ബഹിരാകാശ യാത്രികനായ രാകേഷ് ശർമ്മ ബഹിരാകശത്തേക്കുപോയ വാഹനമെന്ത് യ
   സോയൂസ്- T-11
7. ഇന്ത്യൻ ബാലിസ്റ്റിക് മിസൈൽ ഏത്?
   അഗ്നി

നിഷിത ബിജു
6A

## ആഗോളതാപനം

അന്തരീക്ഷ ഊഷ്മാവ് ചില രാസപ്രക്രിയകളിലൂടെ ഭൂമിയുടെ അന്തരീക്ഷത്തിൽ വർദ്ധിക്കുന്നതിനെ ആഗോളതാപനം എന്നുപറയുന്നു. ഭൂമിയിൽ കാർബൺഡൈയോക്സൈഡ് നിക്ഷേപം വർദ്ധിക്കുമ്പോൾ അന്തരീക്ഷ ഊഷ്മാവ് വർദ്ധിക്കാൻ ഇടയാകുന്നു . ഇതു കാരണം മനുഷ്യനും മൃഗങ്ങൾക്കും പല രോഗങ്ങൾക്കും അവരുടെ നാശത്തിനും കാരണമാകുന്നും . നാം ശ്വസനസമയത്ത് പുറത്തേക്ക് വിടുന്ന കാർബൺഡൈയോക്സൈഡ് സസ്യങ്ങൾ ആഹാര നിർമ്മാണ സമയത്ത് സ്വീകരിക്കുന്നു . സസ്യങ്ങളുടെ നാശംമൂലം കാർബൺഡൈയോക്സൈഡ് വായുവിൽ കെട്ടികിടക്കുൻ ഇടയാകുന്നു അതു പോലെ കാർബൺഡൈയോക്സൈഡ്,മീഥേൻ,നൈട്രസ് ഓക്സൈഡ് ഇവയുടെ നിക്ഷേപം ഗ്രീൻ ഹൗസ് വാതകം ഭൂമിയുടെ അന്തരീക്ഷത്തിൽ സൃഷ്ടിക്കുന്നു.സൂര്യന്റെ കാഠിന്യമേറിയ രശ്മികളിൽ നിന്നും അന്തരീക്ഷത്തെ സംരക്ഷിക്കുന്നു.ഓരോ വർഷം കഴിയുന്തോറും ഭൂമിയുടെ അന്തരീക്ഷതാപനില 0.8 നും 1.0 ഡിഗ്രിക്കും ഇടയിലാണ്.അടുത്ത പതിനഞ്ചു വർഷത്തിനിടയിൽ ഭൂമിയുടെ താപനില റിക്കോർഡ് സൃഷ്ടിക്കുകയാണ് . 'ഹരിതപ്രവാഹം' ഇനിയും നാം നഷ്ടപ്പെടുത്തുകയാണെങ്കിൽ താപനില ഉയർന്നുകൊണ്ടിരിക്കും .ഭൂമിയുടെ ആർട്ടിക്കും ഗ്രീൻലാന്റും ഉരുകി മഹാസമുദ്രങ്ങളിൽവെള്ളപൊക്കമുണ്ടാകുംഇതുഭ*ഖണ്ഡങ്ങളെ വെള്ളത്തിലാഴ്ത്തും.*

*ശ്രേയ.ജെ.കെ 9A*

# പട്ടണത്തിലേ കുട്ടി

ഒരു പട്ടണത്തിൽ ഒരു കുട്ടി താമസിച്ചിരുന്നു. ഒറ്റ മകനായതിനാൽ അവനേ അവർ ലാളിച്ചായിരുന്നു വളർത്തിയത് . അവൻ പറയുന്നതെല്ലാം വാങ്ങികൊടുത്തും അവന് ഇഷ്ടമുള്ള ഭക്ഷണം കൊടുത്തുമൊക്കെ. ഈ കുട്ടിക്ക് പരസ്പരം സാധനങ്ങൾ കൊടുക്കുന്ന ശീലം ഉണ്ടായിരുന്നില്ല. ഇടക്ക് സ്കൂൾ അടയ്ക്കുമ്പോൾ അവർ വല്ല്യച്ഛന്റെ വീട്ടിൽ വരും. അവിടെ രണ്ട് സഹോദരൻമാരുണ്ട്. ആ കുട്ടി ഇവിടെ വരുമ്പോൾ വളരെയധികം സന്തോഷിക്കുമായിരുന്നു. പക്ഷേ ഇവിടെ നാട്ടിൽ ഉള്ള കുട്ടികളെ പോലെ അല്ലായിരുന്നു ആ കുട്ടി. ആ കുട്ടി മേടിക്കുന്ന സാധനങ്ങളെല്ലാം അവൻ വേറെ ആർക്കും കൊടുക്കുകയില്ലായിരുന്നു. അങ്ങനെയിരിക്കെ ഒരു ദിവസം അവൻ കടയിൽ പോയി സ്നാക്സ് വാങ്ങി വന്നു. അന്ന് മൂത്ത സഹോദരനുമായിട്ട് പിണങ്ങിയായിരുന്നു പോയത്. ഇളയ സഹോദരൻ ചോദിച്ചു, എനിക്ക് തരുമോ. അതിൽ നിന്ന് ഒരു പീസ്സ് എടുത്തു കൊടുത്തു. എന്നിട്ട് പറഞ്ഞു, ഇത്രയും തിന്നാൽ മതി. ഇങ്ങനത്തെ സ്വഭാവമാണെങ്കിലും സഹോദരൻമാർക്ക് അവനേ വലിയ ഇഷ്ടമായിരിന്നു. അവർ ഒന്നിച്ചു കളിക്കും, ഓടും, കഴിക്കും. ഇങ്ങനെ ദിവസങ്ങൾ കടന്നുപോയി. വെക്കേഷൻ കഴിയാൻ വെറും പത്ത് ദിവസം മാത്രം ബാക്കിയിള്ളപ്പോൾ അവർ ബീച്ചിൽ പോയി. അവിടെ നിന്ന് കുറേ നേരം കളിച്ചു രസിച്ചു. അത് കഴിഞ്ഞ് വീട്ടിൽ തിരിച്ചെത്തി. സ്കൂൾ തുറക്കാൻ വെറും മൂന്ന് ദിവസം ഉള്ളപ്പോൾ അവർ വീണ്ടും പട്ടണത്തിലേക്ക് പോയി. അതി വിഷമത്തോടെയാണ് പോയത്. ആ നല്ല നാളുകൾ എത്ര സുന്ദരമായിരുന്നു. അടുത്ത വെക്കേഷനായി ഞാൻ കാത്തിരിക്കുകയാണ്.

നന്ദ കിഷോർ. കെ

**5A**

